# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **28.06.2012 ൽ മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. 4216**

**ആദായകരമല്ലാത്ത സ്ക്കൂളുകളെ അടച്ചുപൂട്ടുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ആദായ കരമല്ലാത്ത സ്ക്കൂളുകളെ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നും ഏതൊക്കെയെന്നും വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ആദായകരമല്ലാത്ത സ്ക്കൂളുകൾ കണ്ടെത്തിയിട്ടില്ല. |
| (ബി) പുതിയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ആദായകരമല്ലാത്ത സ്ക്കൂളുകളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങളെന്തെല്ലാമെന്ന് വിശദമാക്കാമോ;<br>(സി) ആദായകരമല്ലാത്ത എന്നു വിശേഷിപ്പിച്ചിട്ടുള്ള സ്ക്കൂളുകളെ അടച്ചു പൂട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;<br>(ഡി) പ്രസ്തുത സ്ക്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക പാക്കേജുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരം പാക്കേജുകൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ബി, സി & ഡി<br>ആദായകരമല്ലാത്ത സ്ക്കൂളുകളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പുതിയ വിദ്യാഭ്യാസ നയത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല.<br>സംസ്ഥാനത്ത് വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കി വരികയാണ്. ഈ നയത്തിന്റെ ഭാഗമായി ഒരു കി.മി. ദൂര പരിധിക്കുള്ളിൽ 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിലേയ്ക്കും 3 കി.മി. ദൂരപരിധിക്കുള്ളിൽ 6 മുതൽ 8 വരെ ക്ലാസ്സുകളിലേയ്ക്കും പഠന സൗകര്യം ഒരുക്കേണ്ടതുണ്ട്. സ്ക്കൂളുകൾ ആദായകരമാണെങ്കിലും അല്ലെങ്കിലും ഓരോ പ്രദേശത്തിന്റെയും വിദ്യാഭ്യാസ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ സ്ക്കൂളുകൾ നിലനിർത്തേണ്ടതാവശ്യമാണ്. ആകയാൽ ആദായകരമല്ല എന്ന കാരണത്താൽ സ്ക്കൂളുകൾ അടച്ചു പൂട്ടുവാൻ ഉദ്ദേശിക്കുന്നില്ല.<br>ആദായകരമല്ലാത്ത സ്ക്കൂളുകൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പാക്കേജുകൾ നിലവിലില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്. |

Sd/-

സെക്ഷൻ ഓഫീസർ